# ഭാഗം 2:

# അവതാരത്തിനു ശേഷമുള്ള അവന്റെ ദൈവികത്വം

ദൈവപുത്രൻ പിതാവായ ദൈവത്തിൻരെ ശക്തിയും ജ്ഞാനവുമായി അവതരിച്ചു എന്നു നാം കണ്ടു കഴിഞ്ഞു. ദൈവത്തിന്റെ അറിവും ശക്തിയും വെളിപ്പെടുത്തുന്നതിനു, ഭൗതിക മൂലകങ്ങൾ കൊണ്ടു ഉണ്ടാക്കിയതാണ്, നമ്മുടെ ഈ മനോഹര പ്രപഞ്ചം.

ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ കൈവേലയായ ഈ ഗൃഹത്തെ "ഭൂമി" എന്നു വിളിക്കുന്നു, അതു സൗരയൂഥത്തിലെ ഗൃഹങ്ങൾ ഒന്നാണ് താരവ്യൂഹം അസംഖ്യവും അളക്കാൻ പറ്റാത്ത വ്യാപ്തിയുള്ളതുമാകുന്നു. ദൈവത്തിന്റെ രൂപത്തിലുള്ള സൃഷ്ടിയായ - മനുഷ്യനു വസിക്കുവാൻ സ്ഥലമായിട്ടാണ് ഭൂമിയെ ദൈവം ഒരുക്കിയിരിക്കുന്നത്.

മനഷ്യ ചരിത്രത്തിൽ, ദൈവത്തിന്റെ കരുതലും, ഇടപെടലും ഉള്ളതിന്റെ അടിസ്ഥാനമാണ്, ദൈവ/മനുഷ്യ ബന്ധം. എങ്ങനെയായാലും, അവനു നമ്മോടുള്ള ബന്ധത്തിന്റെ വ്യാപ്തിയും അടുപ്പ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേകത ഊഹിക്കാൻ തന്നെ പ്രയാസമാണ്. പിതാവായ ദൈവം, പുത്രനായ ദൈവം, ആത്മാവായ ദൈവം എന്നിവർ മനുഷ്യ സൃഷ്ടിയിൽ സജീവമായിരുന്ന ദൈവത്തോടുള്ള ബന്ധം മനുഷ്യനു ശരിയായി സൂക്കിക്കാൻ കഴിയാത്തതുകൊണ്ട് ദൈവവും മനുഷ്യരും അവർ വേർപിരിഞ്ഞതായും നാം തിരവുവെഴുത്തിൽ കാണുന്നുണ്ട്.

ദൈവവും നാമും തമ്മിലുള്ള വേർപാട് നീക്കുവാൻ നമ്മുടെ പരിശ്രമങ്ങൾ കൊണ്ട് സാധ്യമല്ല; ദൈവത്തിനു, തന്റെ വിശുദ്ധീകരണം, പാപികളായ അവസ്ഥയിൽ, കുറ്റമുള്ളവരായി നമ്മെ സ്വീകരിക്കുവാനും കഴിയുകയില്ല. നിരപ്പു സാധ്യമാവാൻ മൂന്നു പ്രത്യേക വഴികളിൽ ദൈവം മുൻ കൈ എടുക്കേണ്ടതായിട്ടുണ്ട്. ഒന്ന്, ദൈവം തന്നെ മനുഷ്യർക്കിടയിലെ വിടവു നികത്തണം. രണ്ട്, നമുക്ക് ഇതു മറികടക്കുവാനുള്ള വഴി അവൻ ഒരുക്കണം. മൂന്ന്, ഈ മറികടക്കൽ

വിജയകരമാക്കുവാൻ അവൻ തുടർച്ചയായി ശക്തിയും, ഉൾക്കാഴ്ച്ചയും, യോഗ്യതകളും വഹായവും തന്നു നമ്മെ പ്രാപ്തരാക്കണം.

നമുക്കു വേണ്ടി ദൈവം "വ്യക്തിപരമായി" യേശു ക്രിസ്തു വ്യക്തിയിൽ ഇടപെട്ടു, അവന്റെ രക്തം നമ്മെയും ദൈവത്തെയും തമ്മിൽ ബന്ധിച്ചു (എഫെസ്യർ 2:12, 13; കൊലൊസ്യർ 1:19–22). അതിനായി, ദൈവം ജഡമായി നമുക്കിടയിൽ മനുഷ്യനായി പാർത്തു (യോഹന്നാൻ 1:14). താൻ ഭൂമിയിൽ ആയിരുന്നപ്പോൾ അവന്റെ ദൈവികത്വം – ദൈവവും മനുഷ്യനുമായി – എങ്ങനെ യേശു അവതരിച്ചു എന്നു നമുക്കു പരിഗണിക്കാം.

© 2009 Truth for Today